15/2/2017







A-560/17

അപേക്ഷകൻ


Santhakumar K
Balakrishna Bhavan
Marayamangalam South,
Nellaya,Cherpulassery,
Palakkad-679335
Mob.: +91 9401829529


സ്വീകർത്താവ്

State Public Information Officer ,
District Social Justice Office
Civil Station,Palakkad - 678001

സർ,

വിഷയം:വിവരാവകാശനിയമം-2005-പാലക്കാട് ജില്ലയിലെ അങ്ങയുടെ വകുപ്പിലെ എൽ.ഡി.ക്ലാർക്ക്-വിവിധതരം (ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ്/ജൂനിയർ അക്കൌണ്ടന്റ്/മറ്റ് സമാന തസ്തികകൾ/ മുതലായ) തസ്തികയുടെ വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന : 1.ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഓഫീസില് നിന്നുള്ള 12/01/2017ആം തിയ്യതിയിലെ ഉ.പ.സി.3/91/2016-ഉ.ഭ.പ.വ. ആം നമ്പർ പരിപത്രം.
2. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഓഫീസില് നിന്നുള്ള 01/11/2016ആം തിയ്യതിയിലെ സ.ഉ.(പി)നം.29/2016/ഉ.ഭ.പ.വ. ആം നമ്പർ ഉത്തരവ്.

മേൽവിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.പാലക്കാട് ജില്ലയിലെ അങ്ങയുടെ വകുപ്പ് ഓഫീസിലും (ജില്ലക്ക് അനുവദിച്ചിരിക്കുന്ന ഹെഡ് ക്വാർട്ടേഴ്സ് തസ്തികകള് ഉൾപ്പെടെ) അതിനു കീഴിൽ വരുന്ന സ്ഥാപനങ്ങളിലും ഉള്ള എൽ.ഡി.ക്ലാർക്ക് തസ്തികയുമായി ബന്ധപ്പെട്ട വിവരങ്ങള് ,മേൽസൂചനകളും മറ്റും ആധാരമാക്കി ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് സമയബന്ധിതമായി മറുപടി അനുവദിച്ചു തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

1. അങ്ങയുടെ വകുപ്പ് ഓഫീസിലും കീഴില് വരുന്ന ഓഫീസുകളിലും മേൽ തസ്തികയ്ക്ക് സർക്കാർ/വകുപ്പ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2017 ഫെബ്രുവരി 28 വരെ അനുവദിക്കപ്പെട്ട ആകെ തസ്തികകളുടെ എണ്ണവും (Sanctioned Strength), നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ(Present Strength) എണ്ണവും എത്രവീതമാണ്? ആയത് നിഷ്കർഷിക്കുന്ന സർക്കാർ/ വകുപ്പ് ഉത്തരവുകളുടെ നമ്പറുകളും തിയ്യതിയും ഡൌൺലോഡ് ചെയ്യാന് പറ്റുന്ന ലിങ്കും ലഭ്യമാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.ജില്ലയിലെ അങ്ങയുടെ വകുപ്പ് ഓഫീസും അതിന് കീഴിൽ വരുന്ന സ്ഥാപനങ്ങളും ചേർന്ന് ആകെ എത്ര സ്ഥാപനങ്ങളാണ് ഉള്ളത്? ഈ ഓരോ സ്ഥാപനത്തിലെയും ടി തസ്തികയ്ക്ക് അനുവദിച്ച തസ്തികയുടെ എണ്ണവും (Sanctioned Strength) ടി തസ്തികയിൽ നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ (Present Strength) എണ്ണവും എത്രവീതമാണ്? നിലവിൽ ജോലി ചെയ്തുവരുന്ന താൽക്കാലിക ജീവനക്കാരുടെ എണ്ണം എത്രയാണ്?

2. ടി തസ്തികയ്ക്ക് നിയമനത്തിനായി ജില്ലാ പി.എസ്.സി.യിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും നിയമനം നടക്കാത്ത എത്ര ഒഴിവുകൾ നിലവില് ഉണ്ട്?ജില്ലാ പി.എസ്.സി ഓഫീസിലേക്ക് എത്ര ഒഴിവുകൾ എപ്പോഴാണ് അവസാനം റിപ്പോർട്ട് ചെയ്തിരിക്കുന്നത്? ടി തസ്തികയുടെ നിലവിലുള്ള ഒഴിവുകളില് ജില്ലാ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യാത്ത എത്ര ഒഴിവുകളാണ് ഉള്ളത്? റിപ്പോർട്ട് ചെയ്ത കത്തുകളുടെ നമ്പറും തിയ്യതിയും ലഭ്യമാക്കാമോ?

3. നിലവിൽ (28/02/2017 വരെ) പാലക്കാട് ജില്ലയില് അങ്ങയുടെ വകുപ്പ് ഓഫീസിലും(ഹെഡ് ക്വാർട്ടേഴ്സിലുള്ള ഒഴിവുകള് ഉൾപ്പെടെ) കീഴിൽ വരുന്ന ഓഫീസുകളിലും ടി തസ്തികയുടെ നാളിതുവരെ നികത്താത്തതും (Vacant Posts) പുതിയതായി സൃഷ്ടിക്കപ്പെട്ടതുമായ എത്ര ഒഴിവുകൾ ഉണ്ട്? ഒഴിവുകൾ ഏതു തരത്തിൽ ഉള്ളവയാണ് , ഏതെല്ലാം ഓഫീസുകളിൽ എത്രവീതമാണ് ഉള്ളത്? ടി തസ്തികയിലെ നിലവിലുള്ള ഒഴിവുകളിലോ/ ഒഴിവുകൾ വരുമ്പോഴോ ഇവയില് ആശ്രിതനിയമനം, വേല വിലക്ക്, അന്തർജില്ലാമാറ്റം, അന്തർവകുപ്പുമാറ്റം തുടങ്ങി ഏതെങ്കിലും വിധേന നികത്താനോ ക്രമപ്പെടുത്താനോ മേൽ ഒഴിവുകള് എണ്ണം മാറ്റി വെച്ചിട്ടുണ്ടോ?ഇനം തിരിച്ച് വ്യക്തമാക്കുക.

4. അങ്ങയുടെ വകുപ്പില് ടി തസ്തികയുടെ നിലവിലുള്ള സീനിയോരിറ്റി ലിസ്റ്റിന്റെ നമ്പറും തിയ്യതിയും നല്കുക. പ്രസ്തുത ലിസ്റ്റിൽ പാലക്കാട് ജില്ലയിലെ ജീവനക്കാരുടെ എണ്ണം എത്രയാണ്? അവസാനം ടി തസ്തികയ്ക്ക് എത്രാമത്തെ സീനിയോറിറ്റി നമ്പർ വരെയാണ് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം സ്ഥാനകയറ്റം നല്കിയിട്ടുള്ളത്,അത് എപ്പോഴാണ്?

5. ടി തസ്തികയിൽ അങ്ങയുടെ വകുപ്പില് പാലക്കാട് ജില്ലക്ക് അനുവദിക്കപ്പെട്ട ഹെഡ് ക്വാർട്ടേഴ്സ് തസ്തികകളുടെ എണ്ണം എത്രയാണ്? ആയത് നിശ്ചയിക്കുന്ന ഉത്തരവിൻറെ നമ്പറും തിയ്യതിയും, ഡൌൺലോഡ് ചെയ്യാന് പറ്റുന്ന ലിങ്കും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.ഈ തസ്തികകളിൽ നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണവും, ഒഴിവും എത്രവീതമാണ്?ഒഴിവുകൾ ഏതു തരത്തില ഉള്ളവയാണ് (സൂചന 1 പ്രകാരം)?

6. അങ്ങയുടെ വകുപ്പിൽ ടി തസ്തിക, അതിനു തൊട്ടുമുകളിലുള്ള തസ്തിക തമ്മിലുള്ള അനുപാതം എത്രവീതമാണ്? (സർക്കാർ/വകുപ്പ് ഉത്തരവുകളുടെ നമ്പറുകളും തിയ്യതിയും ഡൌൺലോഡ് ചെയ്യാന് പറ്റുന്ന ലിങ്കും ലഭ്യമാക്കിതരണമെന്ന് അഭ്യർത്ഥിക്കുന്നു). അങ്ങയുടെ വകുപ്പിൽ മിനിസ്റ്റീരിയല് വിഭാഗത്തിലെ ക്ലാർക്ക് മുതല് മുകളിലേക്ക് അനുവദിക്കപ്പെട്ട തസ്തികയുടെ പേര്,എണ്ണം(Sanctioned Strength),നിലവിൽ ജോലിചെയ്യുന്നവരുടെ എണ്ണം(Present Strength),ഓരോ തസ്തികയിലുമുള്ള ഒഴിവുകളുടെ എണ്ണം എന്നിവ വ്യക്തമാക്കാമോ? അങ്ങയുടെ വകുപ്പിൽ ക്ലാർക്കിനു മുകളിലുള്ള തസ്തികകളിലെ നാളിതുവരെയുള്ള ഒഴിവുകൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഓഫീസില് നിന്നുള്ള 01/02/2017 ലെ റൂൾസ്-1/66/2017/ ഉ.ഭ.പ.വ. നമ്പർ പരിപത്രത്തിലെ നിർദേശങ്ങൾക്കനുസൃതമായി നികത്തുമ്പോൾ പാലക്കാട് ജില്ലയിൽ മാത്രം എത്ര ക്ലാർക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടും അതുപോലെ ജില്ലയിലുള്ള എത്ര ജീവനക്കാർ നിലവിലുള്ള എൽ.ഡി.ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നുണ്ടാവും?

7. ടി തസ്തികയിൽ അങ്ങയുടെ വകുപ്പ് ഓഫീസിലും (ജില്ലക്ക് അനുവദിച്ചിരിക്കുന്ന ഹെഡ് ക്വാർട്ടേഴ്സ് തസ്തികകൾ ഉൾപ്പെടെ) അതിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിലും 01/03/2017 മുതല് 30/06/2018 വരെ സൃഷ്ടിക്കപ്പെടാന് സാധ്യതയുള്ള പ്രതീക്ഷിത ഒഴിവുകള് (റിട്ടയർമെൻറ്, പുതിയ തസ്തികകൾ,സ്ഥാനകയറ്റം,മറ്റ് ഒഴിവുകൾ ഉൾപ്പടെ) എത്രയാണ്? എപ്പോഴെല്ലാമാണ് ഒഴിവുകൾ ഉണ്ടാവുന്നത്? ഏതെല്ലാം തരത്തിലുള്ളവയാണ്? ഏതെല്ലാം ഓഫീസുകളിലാണ്? വിരമിക്കുന്ന ജീവനക്കാരുണ്ടെങ്കില് അവരുടെ പേരും അവര് നിലവില് ജോലി ചെയ്യുവരുന്ന ഓഫീസ് വിലാസവും ലഭ്യമാക്കുമോ?

8. കഴിഞ്ഞ സർക്കാരിന്റെ കാലയളവിലും നിലവിലുള്ള സർക്കാരിന്റെ നാളിതുവരെയുള്ള (28/02/2017 വരെ) കാലയളവിലും പാലക്കാട് ജില്ലയില അങ്ങയുടെ വകുപ്പ് ഓഫീസിലും (പാലക്കാട് ജില്ലക്ക് അനുവദിക്കപ്പെട്ട ഹെഡ് ക്വാർട്ടേഴ്സ് തസ്തിക ഉൾപ്പടെ) അതിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിലും കൂടി ടി തസ്തികക്ക് എത്രവീതം ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്? ഏതെല്ലാം വിധത്തിലുള്ളവയായാണ്? എത്ര പുതിയ തസ്തികയും എത്ര സൂപ്പർന്യൂമററി തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്/ അനുവദിച്ചിട്ടുണ്ട്?

9. സൂചന-1 പ്രകാരം സർക്കാര് നിർദ്ദേശിച്ച ഓൺലൈന് വേക്കൻസി റിപ്പോർട്ടിംഗ് സോഫ്റ്റ്‌വെയര് (VARAM) മുഖേന 16.01.2017 വരെ രേഖപ്പെടുത്തേണ്ട വിവരങ്ങളുടെയും ജനുവരി മാസത്തെ വേക്കൻസിയുടെയും സോഫ്റ്റ്‌വെയറില് നിന്നും ലഭിക്കുന്ന പാലക്കാട് ജില്ലയിലെ ടി തസ്തികയുടെ മാത്രം റിപ്പോർട്ടുകള് പ്രിൻറ് എടുത്ത് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്

തിയതി : 13/02/2017

സ്ഥലം. : Cherpulassery